(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	32,332
കൊല്ലം	27,029
പത്തനംതിട്ട	5,144
ആലപ്പുഴ	20,941
കോട്ടയം	1,9775
ഇടുക്കി	6,284
എറണാകുളം	19,708
തൃശ്ശൂർ	10,035
പാലക്കാട്	6,174
മലപ്പുറം	6,275
കോഴിക്കോട്	11,757
വയനാട്	1,196
കണ്ണൂർ	10,503
കാസർകോട്	19,93
ആകെ	1,79,146

(സി) തൊഴിലില്ലായ്മവേതനത്തിനായി 1986-87 ബഡ്ജറിൽ 10 കോടിരൂപ നീക്കിവെച്ചിട്ടുണ്ട്.

തൊഴിലില്ലായ്മവേതനം. ലഭിക്കുന്നവർ

273 [300] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർക്ക് തൊഴിലില്ലായ്മ വേതനം നൽകുന്നുണ്ട്;

(ബി) 1986-87-ൽ എത്ര പേർക്ക് പുതുതായി ഇത് നൽകേണ്ടിവരും; ഇതിന് എന്തു തുക വേണ്ടിവരും;

(സി) തൊഴിലില്ലായ്മവേതനം അർഹതയില്ലാത്ത ആർക്കെങ്കിലും നൽകിയതായി ശ്രദ്ധയിൽ പെടുകയും പിന്നീട് അത് തിരിച്ചുപിടിക്കുകയും ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ 1985-86- 1986-87 വർഷങ്ങളിൽ എത്ര രൂപ ഇപ്രകാരം തിരിച്ചുപിടിക്കുകയുണ്ടായി?

ഉത്തരം

(എ) 1,79,146 പേർക്ക് നൽകുന്നുണ്ട്.

(ബി) 1986-87-ലേക്ക് അപേക്ഷകരെ ലഭിച്ചിട്ടില്ല. ഉദ്ദേശം 50,000 അപേക്ഷകരെ ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. 1986-87 സാമ്പത്തിക വർഷത്തിൽ തൊഴിലില്ലായ്മ വേതനവും സ്വയം തൊഴിൽ സഹായവും നൽകുന്നതിന് ഉദ്ദേശം 20 കോടി രൂപ വേണ്ടിവരും.

(സി) ഉണ്ട്.

(ഡി) കണക്കുകൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly